**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.688.** **28.09.2016 ന് മറുപടിയ്ക്ക്**

**മദ്യനയം തിരുത്താനുള്ള നീക്കം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് : | | **ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മദ്യത്തേക്കാൾ മയക്കു മരുന്ന് ഉപയോഗം വളരെ കൂടുതലായിട്ടുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | (എ) | നിലവിലുള്ള മദ്യനയം പ്രാവർത്തികമായതിനു ശേഷം സംസ്ഥാനത്ത് മയക്കുമരുന്നിന്റെയും കഞ്ചാവിന്റെയും വ്യാപനം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2013 & 2014 വർഷങ്ങളിൽ യഥാക്രമം 793 ഉം 970 ഉം എൻ.ഡി.പി.എസ് കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തതെങ്കിൽ 2015 വർഷത്തിൽ മാത്രം 1430 എൻ.ഡി.പി.എസ് കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തത്. 2016 ആഗസ്റ്റ് മാസം വരെ 1789 എൻ.ഡി.പി.എസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് മയക്കു മരുന്ന് വ്യാപനത്തിനെതിരെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. മദ്യ, മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുള്ളതും എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡ് കാര്യക്ഷമമായി പ്രവർത്തിച്ചു വരുകയും ചെയ്യുന്നുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ മദ്യനയം ജനങ്ങൾക്ക് ഗുണം ചെയ്തിട്ടില്ലെന്നതിനാലാണോ ഈ മയക്കുമരുന്ന് ഉപയോഗം കേരളത്തിൽ കൂടിയത്; വിശദമാക്കുമോ; | (ബി) | മുൻ സർക്കാരിന്റെ മദ്യനയം പ്രാവർത്തികമായതിനുശേഷം സംസ്ഥാനത്ത് മയക്കുമരുന്നിന്റെയും കഞ്ചാവിന്റെയും വ്യാപനം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2013 & 2014 വർഷങ്ങളിൽ യഥാക്രമം 793 ഉം 970 ഉം എൻ.ഡി.പി.എസ് കേസുകൾ രജിസ്റ്റർ ചെയ്ത സ്ഥാനത്ത് 2015 വർഷത്തിൽ മാത്രം 1430 എൻ.ഡി.പി.എസ് കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തത്. 2016 ആഗസ്റ്റ് മാസം വരെ 1789 എൻ.ഡി.പി.എസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കണക്കുകളിൽ നിന്നും സംസ്ഥാനത്ത് മയക്ക് മരുന്നിന്റെ ഉപഭോഗം കൂടുന്നതിന് നിലവിലെ അബ്കാരിനയം ഒരു പ്രധാന കാരണമായിട്ടുണ്ടെ |

| | | | |
|---|---|---|---|
| | | | ന്ന് അനുമാനിയ്ക്കാവുന്നതും പ്രസ്തുത മദ്യനയം ജനങ്ങൾക്ക് പ്രത്യേകിച്ച് ഗുണം ചെയ്തിട്ടില്ലെന്ന് കാണാവുന്നതുമാണ്. |
| (സി) | മദ്യനയം തിരുത്താനുള്ള നീക്കം ഉണ്ടോ; വിശദമാക്കുമോ; | (സി) | മദ്യവർജ്ജനത്തിന് ഊന്നൽ നൽകുന്ന മദ്യനയമാണ് ഈ സർക്കാരിന്റേത്. മദ്യഉപഭോഗത്തിന് ഏർപ്പെടുത്തിയ നിയന്ത്രണത്തിന് ഉദ്ദേശ്യ ഫലം ലഭിക്കാത്തതും സംസ്ഥാനത്ത് മയക്കുമരുന്ന് ഉപഭോഗം വർദ്ധിച്ചുവരുന്നതും മുന്നിൽ കണ്ടുകൊണ്ട് എല്ലാവിഭാഗം ആളുകളുടെയും അഭിപ്രായം സ്വരൂപിച്ച് സമഗ്രമായ ഒരു മദ്യനയം സർക്കാർ ഉടൻ പ്രഖ്യാപിക്കുന്നതാണ്. |
| (ഡി) | പരിഷ്കൃത രാജ്യങ്ങളിലെ നഗരങ്ങളിലെ സൂപ്പർ മാർക്കറ്റുകളിൽ മദ്യത്തിനായി പ്രത്യേക കൗണ്ടർ ഉള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | നിലവിലുള്ള മദ്യനയം മൂലം കേരളത്തിലെ മദ്യപന്മാർ മയക്കുമരുന്നിന് അടിമയായി നശിക്കുന്നത് തടയാൻ ഗുണകരമായ മദ്യനയത്തിലൂടെ എന്തൊക്കെ പദ്ധതി നടപ്പാക്കാൻ സാധിയ്ക്കുമെന്ന് വിശദമാക്കുമോ? | (ഇ) | ജനങ്ങൾ മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി നശിക്കുന്നത് തടയുന്നതിനുതകുന്ന ഒരു അബ്കാരി നയത്തിന് സർക്കാർ രൂപം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ